ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/9937/2025-EA2 (EA)**　　തീയതി: **15-05-2026**

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ഔദ്യോഗിക ഭാഷാ വകുപ്പിന്റെ വെബ് സൈറ്റിൽ പദകോശങ്ങൾ പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട്

ഭരണമണ്ഡലത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിതനയം പ്രാവർത്തികമാക്കുന്നതിന് വേണ്ടി പല പരിപാടികളും സർക്കാർ ഇതിനകം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇംഗ്ലീഷ് പദങ്ങൾക്ക് സമാനമായ മലയാള പദങ്ങൾ കൊടുത്തുകൊണ്ടുള്ള "ഭരണ ശബ്ദാവലി " പ്രസിദ്ധീകരിക്കുകയുണ്ടായി. പക്ഷേ പ്രസ്തുത പുസ്തകത്തിൽ ഔദ്യോഗിക കാര്യങ്ങൾ മലയാളത്തിൽ നിർവ്വഹിക്കുന്നതിന് സാധാരണ ഗതിയിൽ ആവശ്യമായി വരുന്ന ഭരണപരമായ പദങ്ങൾ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. സാങ്കേതിക പദങ്ങളുടെ കാര്യത്തിൽ ഈ പുസ്തകം അപര്യാപ്തമാണ്.

മേൽ സാഹചര്യത്തിൽ ഒരോ വകുപ്പിലും ഔദ്യോഗിക കാര്യ നിർവ്വഹണത്തിൽ ഉപയോഗിക്കപ്പെടുന്നതും, മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെടേണ്ടതുമായ സാങ്കേതിക പദങ്ങളുടെയും, പദപ്രയോഗങ്ങളുടെയും പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും അത്തരത്തിൽ ഒരു പട്ടിക തയ്യാറാക്കി ഔദ്യോഗിക ഭാഷാ വകുപ്പിലേക്ക് അയച്ചുകൊടുക്കേണ്ടതുണ്ട്.

മേൽ പറഞ്ഞവയുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സാധാരണയായി ഉപയോഗിക്കുന്ന ഇംഗ്ലീഷ് പദങ്ങൾക്ക് സമാനമായ മലയാളം പദങ്ങളുടെ ഒരു പദകോശം അടങ്ങിയ പ്രൊപ്പോസൽ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. ആയത് പരിശോധിച്ച് ഇത് സംബന്ധിച്ച് ഏതെങ്കിലും പദങ്ങളുടെ കൂട്ടിചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും, അതോടൊപ്പം മലയാളത്തിലേക്ക് പരിഭാഷ ചെയ്യേണ്ടുന്ന കോഡുകൾ,മാനുവലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ എന്നിവ സ്ഥാപനതലത്തിൽ ഉണ്ടെങ്കിൽ ആയതും " **eadtekerala@gmail.com** " എന്ന ഇ-മെയിൽ വിലാസം മുഖേന സർക്കുലർ തീയതി മുതൽ 7 ദിവസത്തിനകം അറിയിക്കേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 15-05-2026
13:11:19

**Dr JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

# സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

| നം. | ഇംഗ്ലീഷ് പദങ്ങൾ | മലയാളം പദങ്ങൾ |
|---|---|---|
| 1 | Academic calendar | അധ്യയന കലണ്ടർ |
| 2 | Academic council | അക്കാദമിക് കൗൺസിൽ |
| 3 | Academic year | അധ്യയന വർഷം |
| 4 | Accreditation | അക്രഡിറ്റേഷൻ, അധികാരപ്പെടുത്തൽ |
| 5 | Accreditation certificate | അക്രഡിറ്റേഷൻ സാക്ഷ്യപത്രം |
| 6 | Admission | പ്രവേശനം |
| 7 | Admission fee | പ്രവേശന ഫീസ് |
| 8 | Admission register | പ്രവേശന രജിസ്റ്റർ |
| 9 | Administrative sanction | ഭരണാനുമതി |
| 10 | Affiliation | അനുബന്ധനം |
| 11 | Alumni | പൂർവ്വ വിദ്യാർത്ഥി |
| 12 | Annual stock verification | വാർഷിക സ്റ്റോക്ക് പരിശോധന |
| 13 | Apprentice | പരിശീലനാർത്ഥി |
| 14 | Attendance | ഹാജർ |
| 15 | Attendance register | ഹാജർ രജിസ്റ്റർ |
| 16 | Audit report | ഓഡിറ്റ് റിപ്പോർട്ട് |
| 17 | Budget allocation | ബജറ്റ് വിഭജനം |
| 18 | Caution deposit | കരുതൽ നിക്ഷേപം |
| 19 | Cash book | ക്യാഷ് ബുക്ക്, രൊക്ക പുസ്തകം |
| 20 | Circular | പരിപത്രം |
| 21 | Confidential mark list | രഹസ്യ മാർക്ക് ലിസ്റ്റ് |
| 22 | Confidential report | രഹസ്യ റിപ്പോർട്ട് |
| 23 | Continuing education cell | തുടർവിദ്യാഭ്യാസ സെൽ |
| 24 | Condonation | മാപ്പാക്കൽ |
| 25 | Consumables | ഉപഭോഗ വസ്തുക്കൾ |
| 26 | Conduct certificate | സ്വഭാവ സാക്ഷ്യപത്രം |
| 27 | Course certificate | പാഠ്യസാക്ഷ്യപത്രം |
| 28 | Course completion certificate | പാഠ്യ പൂർത്തീകരണ സാക്ഷ്യപത്രം |
| 29 | Curriculum | പാഠ്യപദ്ധതി |
| 30 | Curriculum revision | പാഠ്യപദ്ധതി പുതുക്കൽ |
| 31 | Department council | വകുപ്പ് സമിതി |
| 32 | Deputation | അന്യത്ര സേവനം |
| 33 | Designation | ഉദ്യോഗപേര് |

| നം. | ഇംഗ്ലീഷ് പദങ്ങൾ | മലയാളം പദങ്ങൾ |
|---|---|---|
| 34 | Diploma | ഡിപ്ലോമ, സന്നദ് |
| 35 | Draft proposal | പ്രാരംഭ നിർദ്ദേശം |
| 36 | Duplicate certificate | പ്രതി സാക്ഷ്യപത്രം |
| 37 | Engineer | എൻജിനീയർ, അഭിയന്താവ് |
| 38 | Equipment register | ഉപകരണ രജിസ്റ്റർ |
| 39 | Equivalency certificate | തുല്യതാ സാക്ഷ്യപത്രം |
| 40 | Evaluation scheme | അവലോകന പദ്ധതി |
| 41 | Examination cell | പരീക്ഷ സെൽ |
| 42 | Examination register | പരീക്ഷ രജിസ്റ്റർ |
| 43 | Fee concession | ഫീസ് ഇളവ് |
| 44 | G.O. (Government Order) | സർക്കാർ ഉത്തരവ് |
| 45 | Gradation List | സ്ഥാന ക്രമ പട്ടിക  പട്ടികൾ |
| 46 | Guardian | രക്ഷകർത്താവ് |
| 47 | Head of department | വകുപ്പ് മേധാവി |
| 48 | Increment | വേതന വൃദ്ധി |
| 49 | Industry | വ്യവസായം |
| 50 | Industrial visit | വ്യവസായശാല സന്ദർശനം |
| 51 | Institution | സ്ഥാപനം |
| 52 | Internal assessment | ആഭ്യന്തര മൂല്യനിർണയം |
| 53 | Internship | ഇന്റേൺഷിപ്പ് |
| 54 | Issue register | ഇഷ്യൂ രജിസ്റ്റർ, വിതരണ രജിസ്റ്റർ |
| 55 | Joining report | പ്രവേശന റിപ്പോർട്ട് |
| 56 | Leave register | അവധിരജിസ്റ്റർ |
| 57 | Lecturer | ലക്ചറർ, പ്രാധ്യാപകൻ |
| 58 | Library register | ഗ്രന്ഥശാല രജിസ്റ്റർ |
| 59 | Machinery | മെഷിനറി, യന്ത്രസാമഗ്രി |
| 60 | Maintenance register | പരിപാലന രജിസ്റ്റർ |
| 61 | Migration certificate | മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, പ്രവാസ സാക്ഷ്യപത്രം |
| 62 | Module | മോഡ്യൂൾ, ഘടകം |
| 63 | Non-consumables | അവിനിയോഗ വസ്തുക്കൾ |
| 64 | Office order | ഓഫീസ് ഉത്തരവ് |
| 65 | Placement cell | തൊഴിൽ നിയോഗ സെൽ |
| 66 | Principal | പ്രിൻസിപ്പൽ |
| 67 | Probation period | നിരീക്ഷണ കാലം |
| 68 | Proceedings | നടപടിക്രമം |
| 69 | Project report | പദ്ധതി റിപ്പോർട്ട് |

| നം. | ഇംഗ്ലീഷ് പദങ്ങൾ | മലയാളം പദങ്ങൾ |
|---|---|---|
| 70 | Prospectus | പ്രോസ്പെക്ടസ് / വിവരണപത്രിക |
| 71 | Provisional mark list | താത്കാലിക മാർക്ക് ലിസ്റ്റ് |
| 72 | Quotation | ദർഘാസ് |
| 73 | Ratio promotion | ആനുപാതിക സ്ഥാനക്കയറ്റം |
| 74 | Regional directorate | പ്രാദേശിക നിർദ്ദേശാലയം |
| 75 | Relieving order | കാര്യമോചക ഉത്തരവ് |
| 76 | Revaluation | പുനർമൂല്യനിർണയം |
| 77 | Result analysis | ഫലവിശകലനം |
| 78 | Scheme | പദ്ധതി |
| 79 | Scrutiny | സൂക്ഷ്മപരിശോധന |
| 80 | Semester system | സെമസ്റ്റർ സമ്പ്രദായം |
| 81 | Seniority list | മുൻഗണന പട്ടിക |
| 82 | Service book | സേവനപുസ്തകം |
| 83 | Special Rule | വിശേഷാൽ ചട്ടം |
| 84 | Specification | വിശിഷ്ടവിവരണം |
| 85 | Staff advisor | സ്റ്റാഫ് അഡ്വൈസർ |
| 86 | Stock register | സ്റ്റോക്ക് രജിസ്റ്റർ |
| 87 | Supplementary exam | പൂരക പരീക്ഷ |
| 88 | Suspension | വേല വിലക്ക് |
| 89 | Syllabus | പാഠ്യപദ്ധതി |
| 90 | Technical committee | സാങ്കേതിക സമിതി |
| 91 | Technical Education Department | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് |
| 92 | Tender | ടെൻഡർ |
| 93 | Time table | സമയ വിവര പട്ടിക |
| 94 | Training | പരിശീലനം |
| 95 | Transcript | ട്രാൻസ്ക്രിപ്റ്റ് |
| 96 | Transfer certificate | ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, വിടുതൽ സാക്ഷ്യപത്രം |
| 97 | Utilisation certificate | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് / വിനിയോഗ സാക്ഷ്യപത്രം |
| 98 | Verification report | പരിശോധന റിപ്പോർട്ട് |
| 99 | Viva voce | വാക് പരീക്ഷ |
| 100 | Workshop | വർക്ക്ഷോപ്പ് |